(2) ഒരു മോട്ടോർ വാഹനം ക്യാരിയേജ് വേയിലൂടെ(carriage way) ആയിരിക്കണം ഓടിക്കേണ്ടത്.

ഇരട്ട ക്യാരിയേജ് വേയാണെങ്കിൽ (dual carriage way), യൂണിഫോമിൽ ഡ്യൂട്ടിയിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ താൽക്കാലികമായി, വ്യത്യസ്ത്മായ നിർദ്ദേശം തന്നിട്ടില്ല എങ്കിലൊ ഉചിതമായ ട്രാഫിക് അടയാളങ്ങൾ വ്യത്യസ്ത്മായ നിർദ്ദേശം തന്നിട്ടില്ല എങ്കിലൊ വാഹനം ഇടത് ക്യാരിയേജ് വേയിലൂടെ ഓടിക്കേണ്ടതാണ്.

(3) റോഡ് അടയാളങ്ങളും മാർക്കിംഗുകളും വ്യത്യസ്തമായ കാര്യം സൂചിപ്പിക്കുന്നില്ല എങ്കിൽ, ഡ്രൈവർ വാഹനം സാധ്യമാകുന്ന വിധത്തിൽ ക്യാരിയേജ് വേയുടെ ഇടത് വശം ചേർന്ന് ഓടിക്കേണ്ടതും എതിർ ദിശയിൽ നിന്നും വരുന്ന എല്ലാ വാഹനങ്ങളേയും അവൻറ്റെ വലത് വശത്ത് കൂടെ കടന്ന് പോകാൻ അനുവദിക്കേണ്ടതുമാണ്.

(4) വാഹനം മറികടക്കപ്പെടുമ്പോഴും ഒരു വളവിനെയോ കുന്നിനെയൊ അഭിമുഖീകരിക്കുംബോഴും മുന്നിലുള്ള അവൻറ്റെ കാഴ്ച പരിമിതമായിരിക്കുംബോഴും ഡ്രൈവർ വാഹനം ഇടത് വശം ചേർന്ന് ഓടിക്കേണ്ടതാണ്.

(5) ഒരു തടസ്സത്തേയൊ അല്ലെങ്കിൽ വേഗത കുറഞ്ഞ ഒരു വാഹനത്തേയൊ മറികടക്കുംബോളൊഴിച്ച് എല്ലായിപ്പോഴും, ഒരേ ദിശയിൽ നിരവധി ലൈനുകളുള്ള ക്യാരിയേജ് വേയിൽ ഒരു ഹെവി വാഹനമൊ അല്ലെങ്കിൽ വേഗത നിയന്ത്രണമുള്ള വാഹനമൊ ഇടത് ലൈനിലൂടെയാണ് ഓടിക്കേണ്ടത്.

തടസ്സത്തെയൊ വേഗത കുറഞ്ഞ വാഹനത്തെയൊ, സാഹചര്യമനുസരിച്ച്, സുരക്ഷിതമായി കടന്ന് പോയ ഉടനെ ഡ്രൈവർ ഇടത് ലൈനിലേക്ക് തിരിച്ചെത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(6) ചിഹ്നങ്ങളാൽ പറഞ്ഞിരിക്കുന്ന ദിശയിൽ ഒഴിച്ച്, “വൺ വേ”(one way) എന്ന പറഞ്ഞിരിക്കുന്ന ഒരു റോഡിൽ വാഹനം ഓടിക്കരുത്.

(7) ഉചിതമായ അധികാരിയാൽ വച്ചിരിക്കുന്ന ട്രാഫിക് ചിഹ്നം മൂലമൊ അല്ലെങ്കിൽ ആ സാഹചര്യത്തിൽ ഡ്യൂട്ടിയിൽ യൂണിഫോമിലുള്ള പോലീസുദ്യോഗസ്ഥനാലൊ പ്രത്യേകമായി ആങ്ങനെ ചെയ്യാൻ നിർദ്ദേശിച്ചാലൊഴിച്ച്, ഒരു ഡ്രൈവറും ട്രാഫിക്കിൻറ്റെ പ്രവാഹത്തിനെതിരായി (traffic flow) ഒരു വാഹനം ഓടിക്കുകയൊ, വലിച്ച് കൊണ്ട് പോകുകയൊ, തള്ളിക്കൊണ്ട് പോകുകയൊ ചെയ്യരുത്.

(8) പുറകോട്ടെടുക്കുന്ന വാഹനത്തിൽ നിന്ന് ഡ്രൈവർ സുരക്ഷിതമായ അകലം പാലിക്കേണ്ടതും പുറകോട്ടെടുക്കുന്ന വാഹനത്തിൻറ്റെ പുറകോട്ടുള്ള ചലനം അവസാനിക്കുന്നതിന് മുൻപായി അതിനടുത്തേക്ക് നീങ്ങാനും പാടില്ലാത്തതാകുന്നു.

**5. ഡ്രൈവർമാരുടേയും റൈഡർമാരുടേയും ചുമതലകൾ:** (1) എല്ലാ ഡ്രൈവർമാരും എല്ലാ സമയത്തും നല്ല ശ്രദ്ധയോടും കരുതലോടും കൂടി വാഹനം ഓടിക്കേണ്ടതാണ്.

(2) വാഹനം ഓടിക്കുന്ന സമയം, ഡ്രൈവർ, അവൻറ്റെ മാനസീകമായതും ശാരീരികവുമായ കഴിവുകളിൽ പൂർണ നിയന്ത്രണം ഉള്ള ആളാണെന്നും , ശാരീരികമായും മാനസീകമായും ഒരു വാഹനം ഡ്രൈവ് ചെയ്യാൻ ആരോഗ്യമുള്ള ആളാണ് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

(3) ഡ്രൈവർ എല്ലായിപ്പോഴും നല്ല നിരീക്ഷണം(observation) നടത്തുന്നയാളും റോഡിലും ട്രാഫിക്കിലും ശ്രദ്ധിക്കുന്നയാളും അവൻറ്റെ ശ്രദ്ധയെ തെറ്റിക്കുന്ന അല്ലെങ്കിൽ തെറ്റിക്കാൻ സാധ്യതയുള്ള പ്രവർത്തികൾ ഒഴിവാക്കുന്ന ആളുമായിരിക്കണം.

(4) ഡ്രൈവറും റൈഡർമാരും, ഏറ്റവും പ്രധാനപ്പെട്ട റോഡ് ഉപയോക്താക്കളായ കാൽ നടയാത്രികൻ, സൈക്കിൾ യാത്രികൻ, കുട്ടികൾ ,പ്രായമായവർ, ഭിന്ന ശേഷിയുള്ള

ആളുകൾ എന്നിവരുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേകമായ ശ്രദ്ധയും മുൻ കരുതലും എടുക്കേണ്ടതാണ്.

(5) ഡ്രൈവർ അവൻ്റെ വാഹനം ഓടിക്കൊണ്ടിരിക്കുമ്പോഴൊ അല്ലെങ്കിൽ നിറുത്തിയിട്ടിരിക്കുമ്പോഴൊ, വാഹനം കൊണ്ട് മറ്റ് റോഡ് ഉപയോക്താക്കൾക്കൊ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിലുള്ള ആളുകൾക്കൊ എന്തെങ്കിലും തടസ്സത്തിനൊ ന്യായമല്ലാത്ത അസൗകര്യത്തിനൊ കാരണമാക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

(6) യാത്രക്കാരാലും, മൃഗങ്ങളാലും, വാഹനത്തിലെ ചരക്ക്, ഉപകരണം എന്നിവയാലും, വാഹനത്തിൻ്റെ കണ്ടീഷനാലും , തൻ്റെ കാഴ്ച തടസ്സപ്പെടുന്നില്ല എന്നും കേൾവിക്ക് കുറവ് സംഭവിക്കുന്നില്ല എന്നും ഡ്രൈവർ ഉറപ്പ് വരുത്തേണ്ടതാണ്.

(7) വാഹനത്തിൽ സീറ്റ് ബെൽറ്റ് കൊടുത്തിട്ടുണ്ടെങ്കിൽ, ഡ്രൈവറും വാഹനത്തിലെ മറ്റ് ആളുകളും സീറ്റ് ബെൽറ്റ് ധരിച്ചിട്ടുണ്ട് എന്ന് ഡ്രൈവർ ഉറപ്പ് വരുത്തേണ്ടതാണ്.

(8) എവിടെയെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ,12 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ ഒരു ഉചിതമായ ചൈൽഡ് റിസ്ട്രെയ്ൻറ്റ് സിസ്റ്റത്തിലാണ് ഇരിക്കുന്നത് എന്ന് ഡ്രൈവർ ഉറപ്പ് വരുത്തേണ്ടതാണ്.

(9) എവിടെയെങ്കിലും നിയമം മൂലമൊ നിയമത്താലൊ പറഞ്ഞിട്ടുണ്ടെങ്കിൽ, ഒരു മോട്ടോർ സൈക്കിളിൻ്റെ, അത് സൈഡ് കാർ ഉള്ളതൊ അല്ലാത്തതൊ ആകാം, റൈഡർ, പില്ലിയൺ റൈഡർ, സൈഡ് കാറിലിരിക്കുന്നയാൾ എന്നിവർ തലക്കുള്ള സംരക്ഷണ കവചമൊ (ഹെൽമെറ്റ്) കാലാകാലങ്ങളിൽ നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന് കീഴിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന സുരക്ഷാ ഉപകരണമൊ ധരിച്ചിരിക്കണം.

(10) വാഹനത്തിൽ ഉച്ചത്തിലുള്ള മ്യൂസിക് സിസ്റ്റം പ്രവർത്തിക്കുന്നില്ല എന്ന് ഡ്രൈവർ ഉറപ്പ് വരുത്തേണ്ടതാണ്.

(11) റൂട്ട് നാവിഗേഷൻ ആവശ്യമായ സമയത്തൊഴിച്ച് വാഹനം ഓടിക്കുന്ന സമയത്ത് ഡ്രൈവർ ചലിക്കുന്ന ഡിജിറ്റൽ ചിത്രങ്ങളൊ, വീഡിയൊയൊ കാണരുത്.

ഡ്രൈവർ, തൻ്റെ ശ്രദ്ധ ഡ്രൈവിംഗിൽ നിന്നും മാറാത്ത വിധത്തിലായിരിക്കണം റൂട്ട് നാവിഗേഷൻ ഉപയോഗിക്കേണ്ടത് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

(12) മദ്യം, മയക്ക് മരുന്ന്, പുകവലി ഇവയുടെ ഉപയോഗം നിരോധിക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ നിലവിലിരിക്കുന്ന നിയമം ഡ്രൈവർ കർശനമായി പാലിക്കേണ്ടതും മറ്റ് തൊഴിലാളികൾ, റൈഡേഴ്സ്, യാത്രക്കാർ ഇവർ ഉണ്ടെങ്കിൽ അവരും ഇത് പാലിക്കുന്നുണ്ട് എന്നുകൂടി ഉറപ്പ് വരുത്തേണ്ടതുമാണ്.

(13) ഡ്രൈവർ, അവൻ്റെയും, മറ്റ് സ്റ്റാഫുകളുടേയും, യാത്രക്കാരുടേയും, മറ്റ് റോഡ് ഉപയോകതാക്കളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി, വാഹനത്തിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും സ്വയം സൂക്ഷിക്കുകയും യാത്രക്കാരെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

(14) വാഹനത്തിന് ഒരു തകരാർ ഉണ്ട് എന്ന് ഡ്രൈവർക്ക് അറിവുണ്ട്, അല്ലെങ്കിൽ ഒരു തകരാർ അവൻ്റെ സാധാരണയുള്ള പരിപാലനത്തിൽ കണ്ടെത്തിയിട്ടുണ്ട്, അത് മൂലം വാഹനം ഓടിക്കുന്നത് മറ്റ് റോഡ് ഉപയോക്താക്കൾക്കൊ വാഹനത്തിലെ ആളുകൾക്കൊ സാധനങ്ങൾക്കൊ അനാവശ്യമായ അപകടത്തിന് കാരണമാക്കും, എന്നീ സാഹചര്യങ്ങളിൽ അവൻ പൊതു സ്ഥലത്ത് വാഹനം ഓടിക്കരുത്.

(15) വാഹനം ഓടിക്കൊണ്ടിരിക്കുന്ന സമയത്ത് ഒരു സാങ്കേതീക തകരാർ കണ്ടെത്തുകയാണ് എങ്കിൽ, സാധ്യമായ പെട്ടെന്നുള്ള രീതിയിൽ ഡ്രൈവർ വാഹനം റോഡിൽ നിന്നും മാറ്റേണ്ടതാണ്.

*ഓടിക്കൊണ്ടിരിക്കുന്ന സമയം ഒരു സാങ്കേതീക തകരാർ കണ്ടെത്തുന്ന സഹചര്യത്തിൽ ,പവേർഡ് ടൂ വീലേർസ് (powered two wheelers) സുരക്ഷിതമായ സ്ഥലത്തേക്ക് തള്ളിമാറ്റാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(16) മോട്ടോർ സൈക്കളൊ ത്രീവീലറൊ ഓടിക്കുമ്പോഴൊ റൈഡ് ചെയ്യുമ്പോഴൊ ഡ്രൈവറോ റൈഡറൊ മറ്റൊരു വാഹനത്തെ പിടിക്കുകയൊ തള്ളുകയൊ ചെയ്യരുത്.

(17) മോട്ടോർ സൈക്കിളിൻറ്റേയോ ത്രീവീലറിൻറ്റേയോ ഡ്രൈവർമാർ റെഗുലേഷൻ 9 ൽ പറയുന്ന വിധത്തിൽ സിഗ്നൽ കാണിക്കേണ്ട സമയം ഒഴിച്ചുള്ള എല്ലാ സമയത്തും രണ്ട് കൈ കൊണ്ടും ഹാൻറ്റിൽ ബാറിൽ പിടിച്ചിരിക്കണം.

(18) സുരക്ഷിതമായി കടന്ന് പോകുന്നതിനൊ അല്ലെങ്കിൽ റോഡിൻറ്റെ അവസ്ഥ അങ്ങനെ ആവിശ്യപ്പെടുന്നു എങ്കിലൊ ഡ്രൈവർക്ക് ഫുട് റെസ്റ്റിൽ നിന്നൊ പെഡലിൽ നിന്നൊ കാലെടുക്കാവുന്നതാണ്.

**6. ലെയിൻ ഗതാഗതം (lane traffic):(**1) ഏതെങ്കിലും റോഡ് വാഹനങ്ങൾ പോകുന്നതിനായി ലെയിനുകളായി മാർക്ക് ചെയ്തിട്ടുണ്ടെങ്കിൽ, ഡ്രൈവർ വാഹനം ഓടിക്കേണ്ടത് ആ ലെയിനിലുള്ളിലായിരിക്കണം, അതേപോലെ ലെയിൻ മാറുന്നത് ശരിയായ സിഗനൽ അല്ലെങ്കിൽ റോഡ് മാർക്കിംഗ് അല്ലെങ്കിൽചിഹനങ്ങൾ ഇവ കൊടുത്തുകൊണ്ടാകണം.

(2) എവിടെയാണൊ, ഏതെങ്കിലും ലെയിൻ ഒരു പ്രത്യേക തരം വാഹനങ്ങൾക്ക് വേണ്ടി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അത്തരം വാഹങ്ങൾ മാത്രമേ ആ ലെയിനിലൂടെ ഓടിക്കാവൂ.

(3) എവിടെയാണൊ ഒരു ലെയിൻ ഒരു പ്രത്യേക തരം വാഹനങ്ങൾക്കൊ അല്ലെങ്കിൽ ഒരു പ്രത്യേക ഉദ്ദേശത്തിനോ വേണ്ടി അടയാളപ്പെടുത്തിയിട്ടുള്ളത്, ആ ലെയിനിൽ മറ്റൊരു വിഭാഗത്തിൽ പെട്ട വാഹനവും ഓടിക്കരുത്.

(4) എവിടെയാണൊ ഒരു റോഡ് സോളിഡ്(solid) വെള്ളയൊ അല്ലെങ്കിൽ മഞ്ഞയൊ നീളത്തിലുള്ള ലെയിൻ വച്ച് വിഭജിച്ചിരിക്കുന്നത് അവിടെ, ഒരേ ദിശയിൽ പോകുന്ന് വാഹനം മുന്നിലുള്ള വാഹനത്തെ മറികടക്കാൻ ശ്രമിക്കുംബോൾ ഡ്രൈവർ ഈ സോളിഡ് മഞ്ഞ ലൈനൊ വെള്ള ലൈനൊ മുറിച്ച് കടക്കരുത്.

(5) ജംഗ്ഷനുകളെ അഭിമുഖീകരിക്കുംബോൾ, സിംഗിൾ സോളിഡ് ലൈൻ കൊണ്ട് എവിടെയാണൊ ടേണിംഗ് ലൈൻസ് മാർക്ക് ചെയ്തിരിക്കുന്നത്, ഡ്രൈവർ വാഹനം ദിശ തിരിയുന്നതിന് വേണ്ടി ഉദ്ദേശിച്ചിരിക്കുന്ന ആ ലൈനിൽ തന്നെയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(6) റോഡിൽ തടസ്സം ഉള്ളപ്പോളൊഴിച്ച്, ഡ്രൈവർ വാഹനം ഒറ്റക്കൊ ഇരട്ടയായൊ കൊടുത്തിരിക്കുന്ന നീളത്തിലുള്ള സോളിഡ് ലൈനിന് മുകളിലൂടെയൊ കുറുകെയൊ അല്ലെങ്കിൽ പെയിൻറ്റ് കൊണ്ട് വരച്ച് വച്ചിരിക്കുന്ന ട്രാഫിക്ക് ഐലൻറ്റിന് മുകളിലൂടെയൊ ഓടിക്കരുത്.

(7) സിംഗിൾ സോളിഡ് ലൈനിനൊപ്പം സിംഗിൾ ബ്രോക്കൺ ലൈൻ കൊടുത്തിരിക്കുന്ന റോഡുകളിൽ, സിംഗിൾ ബ്രോക്കൺ ലൈനിൻറ്റെ ഇടത് വശത്ത് കൂടെ പോകുന്ന വാഹനത്തിൻറ്റെ ഡ്രൈവർക്ക് മറികടക്കലിന് വേണ്ടി, റെഗുലേഷൻ 12 ൽ പ്രത്യേകമായി പറഞ്ഞിരിക്കുന്ന സുരക്ഷാ മുൻ കരുതലുകൾ നോക്കിക്കൊണ്ട്, ബ്രോക്കൺ ലൈൻ മുറിച്ച് കടക്കാവുന്നതാണ്, പക്ഷേ ഓവർടേക്കിംഗ് പൂർത്തിയായ ശേഷം അവൻറ്റെ ലെയിനിലേക്ക് തിരിച്ച് വരേണ്ടതാണ്.

**7. റൈറ്റ് ഓഫ് വേ (right of way)**:- (1) എവിടെ, റോഡിൽ ഒരു “STOP” എന്ന ആടയാളം പ്രദർശിപ്പിച്ചിരിക്കുന്നൊ, ആ അടയാളത്തെ അഭിമുഖീകരിക്കുന്ന ഡ്രൈവർ-